വടക്കാഞ്ചേരി മുതൽ മണ്ണുത്തി വരെയുള്ള 6 വരി പാതയുടെ യഥാർത്ഥ ഷെഡ്യൂൾ പ്രകാരം പണി തീർക്കേണ്ട സമയം 18-5-2013 ആയിരുന്നു. എന്നാൽ ഭൂമി ഏറ്റെടുക്കുന്നതിലെ പ്രശ്നങ്ങൾ കാരണം പ്രവൃത്തി തടസ്സപ്പെടുകയും പ്രോജക്ട് ആരംഭിക്കേണ്ട തീയതി 15-9-2012 ആയി പുനർ നിർണ്ണയിക്കുകയും ചെയ്തു. കൺസഷണർ M/s Thrissur Expressway Limited-ന് വായ്പ ലഭിക്കുന്നതിലുണ്ടായ കാലതാമസം കാരണം 7-10-2014-ൽ മാത്രമേ പ്രവൃത്തി തുടങ്ങാൻ കഴിഞ്ഞുള്ളൂ. 2015 ഫെബ്രുവരി മാസത്തെ വിശദാംശങ്ങൾ പ്രകാരം 6% പണി പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) വടക്കാഞ്ചേരി മുതൽ മണ്ണുത്തി വരെയുള്ള ദേശീയപാതയുടെ നിർമ്മാണ പ്രവൃത്തികൾക്കായി ദേശീയപാത വികസന അതോറിറ്റി ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) വാളയാർ-വടക്കാഞ്ചേരി നാലുവരി പാതയുടെ ഷെഡ്യൂൾ പ്രകാരം പണി തീർക്കേണ്ട സമയം 13-11-2015 ആണ്. അതിന് മുൻപ് പ്രവൃത്തി പൂർത്തിയാക്കാനാകുമെന്ന് കരുതുന്നു.

വടക്കാഞ്ചേരി മുതൽ മണ്ണുത്തി വരെയുള്ള 6 വരിപ്പാതയുടെ നിർമ്മാണം 2016 ഒക്ടോബറിൽ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മിഷൻ 676 പദ്ധതി പ്രകാരം പൊതുമരാമത്ത് വകുപ്പിൻ കീഴിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ

352 (1396) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676 പ്രകാരം പൊതുമരാമത്ത് വകുപ്പിൻകീഴിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതൊക്കെയാണ്; ഇതിനകം നടപ്പിലാക്കിയിട്ടുള്ളവ ഏതൊക്കെയാണ്; അതിനായി ചെലവഴിച്ച തുക എത്ര; 2014-2015 ബജറ്റിൽ വകയിരുത്തിയതല്ലാത്ത തുക ഇതിനായി കണ്ടെത്തി ഉപയോഗിക്കുകയുണ്ടായിട്ടുണ്ടോ ; എങ്കിൽ എത്ര ; വിശദാംശം ലഭ്യമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മിഷൻ 676 പ്രകാരം പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തവ ഏതൊക്കെ ;

(സി) മിഷൻ 676 പദ്ധതി നടത്തിപ്പ് തുടങ്ങിയ തീയതി എന്നായിരുന്നു ; അവസാനിക്കുന്ന തീയതി എന്നാണ് ; ഇനി എത്ര ദിവസങ്ങൾ അവശേഷിക്കുന്നു ?

ഉത്തരം

(എ) മിഷൻ 676 പ്രകാരം പൊതുമരാമത്ത് വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ അനുബന്ധം-I ആയും, ഇതിനകം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം -II ആയും ചേർത്തിരിക്കുന്നു.* ആകെ 109.33 കോടി രൂപ ചെലവായിട്ടുണ്ട്. ബജറ്റിൽ വകയിരുത്തിയതല്ലാത്ത 23.33 കോടി രൂപ ഇതിനായി ഉപയോഗിച്ചിട്ടുണ്ട്.

(ബി) പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം -III ആയി ചേർത്തിരിക്കുന്നു.*

(സി) മന്ത്രിസഭയുടെ മൂന്നാം വർഷം പൂർത്തിയായ സമയത്താണ് മിഷൻ 676 പ്രഖ്യാപിച്ചത്. മന്ത്രിസഭയുടെ കാലാവധി പൂർത്തിയാകുന്ന സമയത്താണ് ഈ പദ്ധതി അവസാനിക്കുന്നത്. ഇനി ഏകദേശം 401 ദിനങ്ങൾ കൂടി അവശേഷിക്കുന്നുണ്ട്.

[നക്ഷത്രചിഹ്നമിടാത്ത 1167, 1170, 1171, 1173, 1175, 1177, 1178, 1249 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.]

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly